ശബരിമല വികസന പദ്ധതികൾ

82(1905) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ വികസനത്തിനായി എത്ര ഹെക്ടർ വനഭൂമി വിട്ടുതരണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) വനഭൂമി വിട്ടുകിട്ടുന്നതിനായി എന്തെങ്കിലും നിബന്ധന കേന്ദ്ര ഗവൺമെന്റ് വച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുവാൻ സംസ്ഥാന സർക്കാർ ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ജി) പ്രസ്തുത സ്ഥാപനം അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഐ) ഇല്ലെങ്കിൽ ഈ റിപ്പോർട്ട് എന്നത്തേയ്ക്ക് ഗവൺമെന്റിന് ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ജെ) തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(കെ) എങ്കിൽ അത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ശബരിമലയിൽ വിവിധ വികസന പദ്ധതികൾക്കായി 36.6227 ഹെക്ടർ വനഭൂമി വിട്ടുതരണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 21.5337 ഹെക്ടർ ഭൂമിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) ഉണ്ട്. നിബന്ധനകൾ താഴെ പറയുന്നവയാണ്.

1. വിട്ടുകൊടുക്കുന്ന വനഭൂമിയുടെ സ്റ്റാറ്റസ് വനഭൂമിയായി തന്നെ നിലനിർത്തുക.

2. വിട്ടുകൊടുക്കുന്ന വനഭൂമിക്ക് പകരം പരിഹാരം വനവത്കരണത്തിനായി ഭൂമിയുംവനം വച്ചുപിടിപ്പിക്കുന്നതിനുള്ള ചെലവും (വനേതര ഭൂമി ഇല്ലാത്ത പക്ഷം ഇരട്ടി വിസ്തൃതിയിൽ പ്രക്ഷീണ വനഭൂമിയിൽ വനവൽക്കരണത്തിനുള്ള ചെലവ്) യൂസർ ഏജൻസിയിൽനിന്നും ഈടാക്കുക.

3. വിട്ടുകൊടുക്കേണ്ടുന്ന ഭൂമി വന്യജീവിസങ്കേത പ്രദേശമായാൽ അവയ്ക്ക് ഇന്ത്യൻ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ അംഗീകാരം ലഭ്യമാക്കി സംസ്ഥാന നിയമസഭ റസല്യൂഷൻ പാസ്സാക്കി, ടി സ്ഥലം നോട്ടിഫൈ ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ)&(എഫ്) ഉണ്ട്. പീച്ചിയിലെ കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ജി) ഉണ്ട്.

(എച്ച്) റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ)&(കെ) ഓരോ തീർത്ഥാടക കാലത്തിന്റെയും മുമ്പായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിച്ച് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അത് നിരീക്ഷിക്കുകയും ചെയ്യുന്നു.

പ്രൈമറി എൻവയോൺമെന്റ് കെയർ സ്കീം

83(1906) ശ്രീ. പി.ജെ. ജോയി :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി എൻവയോൺമെന്റ് കെയർ സ്കീം നടപ്പാക്കുന്നതിനുവേണ്ടി ലോകബാങ്ക് വനം വകുപ്പിന് എന്തെല്ലാം സഹായം നൽകുന്നുണ്ട്;

(ബി) എന്തു തുകയ്ക്കുള്ള സഹായമാണ് ഈ ഇനത്തിൽ നൽകുന്നത്;

(സി) ഇതിൽ എന്തുതുക തിരിച്ചടയ്ക്കേണ്ടുതുണ്ട്;

(ഡി) ഈ തുക തിരിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്?

ഉത്തരം

(എ) വനം വകുപ്പ് ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി കേരളാ ഫോറസ്ട്രി പ്രോജക്ട് എന്ന സമഗ്രവനവികസന പദ്ധതി 1998-99 മുതൽ നടപ്പാക്കിവരികയാണ്. ഈ പദ്ധതിയിൽ പ്രൈമറി എൺവയോൺമെന്റ് കെയർ എന്ന സ്കീം ഒരു ഘടകമാണ്. അതനുസരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ മൂന്നു സ്ഥലങ്ങളിൽ വീതം ബന്ധപ്പെട്ട റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് ശിൽപ്പശാലകൾ, സെമിനാറുകൾ, പിശീലനം എന്നിവ നടത്തി പരിസ്ഥിതി പരിപാലനത്തിന് മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനും പ്രസ്തുത മൈക്രോ പ്ലാനുകൾ നടപ്പാക്കുന്നതിനുമാണ് ലോകബാങ്ക് സഹായം നൽകുന്നത്.

(ബി) ലോകബാങ്കിന്റെ കേരള ഫോറസ്ട്രി പദ്ധതിയിൽ നാലുവർഷത്തേയ്ക്ക് 27.1 ലക്ഷം രൂപ ഈ ഇനത്തിനുവേണ്ടി വകകൊള്ളിച്ചിട്ടുണ്ട്.

(സി) കേരളാ ഫോറസ്ട്രി പ്രോജക്ടിനു നൽകുന്ന സഹായം ഭാരത സർക്കാരാണ് ലോകബാങ്കിന് തിരിച്ചടയ്ക്കുന്നത്. പ്രൈമറി എൺവയോൺമെന്റ് കെയർ സ്കീമിന് ചെലവാകുന്ന തുകയുൾപ്പെടെ മൊത്തം പദ്ധതി ചെലവിന്റെ ഉദ്ദേശം 83 ശതമാനം തീരിച്ചടക്കേണ്ടതായുണ്ട്.

(ഡി) ലോകബാങ്ക് കേരള ഫോറസ്ട്രി പ്രോജക്ടിനുവേണ്ടി അനുവദിക്കുന്നതിനും സംസ്ഥാന സർക്കാരിന് നേരിട്ട് നൽകുകയല്ല ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly